**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3021** **18.10.2016-ൽ മറുപടി പറയേണ്ടിയിരുന്നത്**

**സംസ്ഥാനത്തെ പണമിടപാട്ട സ്ഥാപനങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ.ശശി | | ശ്രീ. ഡോ.ടി.എം.തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് മുത്തൂറ്റ് ഫിനാൻസ് ഇടങ്ങി എത്ര പണമിടപാട്ട സ്ഥാപനങ്ങൾ (മറ്റ സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ നേടിയവയും, ശാഖകളുള്ളവയും ഉൾപ്പെടെ) നിയമവിധേയമായും അല്ലാതെയും പ്രവർത്തനം നടത്തി വരുന്ന എന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് മുഖ്യമായും കേന്ദ്ര നിയമങ്ങളായ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ആക്ട്, ബാങ്കിംഗ് റെഗുലേഷൻ ആക്ട്, കമ്പനീസ് ആക്ട്, പ്രൈസ് ചിറ്റ്സ് ആന്റ് മണി സർക്കുലേഷൻ സ്കീംസ് (ബാനിംഗ്) ആക്ട്, സംസ്ഥാന നിയമങ്ങളായ കേരള മണിലെൻഡേഴ്സ് ആക്ട്, കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്ട് മുതലായ വിവിധ നിയമങ്ങൾ മുഖേനയാണ്.<br>ഇവയിൽ കേരള മണിലെൻഡേഴ്സ് ആക്ട്, 1958 മാത്രമാണ് വാണിജ്യനികുതി വകുപ്പിന്റെ അധികാര പരിധിയിൽ വരുന്നത്. കേരള മണിലെൻഡേഴ്സ് ആക്ട്, 1958-ൽ നിർവചിക്കപ്പെട്ടിട്ടുള്ള മണിലെൻഡർമാർ ടി നിയമത്തിൻ കീഴിൽ ലൈസൻസ് എടുക്കേണ്ടതാണ്. ഇപ്രകാരം 10,531 പേർ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. മുത്തൂറ്റ് പോലുള്ള പണമിടപാട് സ്ഥാപനങ്ങൾ നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികളാണ്. നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾ കേരള മണിലെൻഡേഴ്സ് ആക്ടിൻ കീഴിൽ ലൈസൻസ് എടുക്കുന്നത് സംബന്ധിച്ച കേസുകൾ ബഹു.സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ആയതിനാൽ നിലവിൽ നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾക്ക് കേരള |

→ 2

| | | | |
|---|---|---|---|
| | | | മണിലെൻഡേഴ്സ് നിയമത്തിൻ കീഴിൽ ലൈസൻസ് നിർബന്ധമാക്കുവാൻ സാധിക്കുകയില്ല. തൊഴിൽ വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്തൊട്ടാകെ 16,483 പണമിടപാട് സ്ഥാപനങ്ങൾ ലേബർ രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കുന്നു. |
| (ബി) | ഇവയിൽ സംസ്ഥാന /കേന്ദ്ര അന്വേഷണ ഉദ്യോഗസ്ഥരുടെ പരിശോധനകളിൽ പണമിടപാട്ടുകളിലെ അനധികൃത പ്രവർത്തനങ്ങളും കള്ളപ്പണമിടപാടുകളും കണ്ടെത്തിയ സ്ഥാപനങ്ങൾ ഏതെല്ലാം എന്നും ഇവയുടെ പ്രവർത്തനങ്ങളിൽ സംസ്ഥാന/കേന്ദ്ര സർക്കാരുകൾ വരുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ കാലയളവിൽ സംസ്ഥാന / കേന്ദ്ര അന്വേഷണ ഉദ്യോഗസ്ഥരുടെ പരിശോധനകളിൽ പണമിടപാടുകളിലെ അനധികൃത പ്രവർത്തനങ്ങളും കള്ളപ്പണമിടപാടുകളും നടത്തിയ സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടില്ല. |
| (സി) | ഇവയിലോരോന്നിലും എത്ര ജീവനക്കാർ നിലവിലുണ്ട് എന്നും സംസ്ഥാനത്തിനുള്ളിൽ ഇവയ്ക്കോരോന്നിനും എത്ര ശാഖകൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | തൊഴിൽ വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനമൊട്ടാകെ 16,483 പണമിടപാട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ആയതിൽ 66,442 ജീവനക്കാർ ജോലി ചെയ്യുന്നു. |
| (ഡി) | ഇവയിലെ ജീവനക്കാർക്ക് ജോലി സമയം, അവധി, പ്രൊമോഷൻ, സ്ഥലമാറ്റം തുടങ്ങിയ ന്യായമായ അവകാശങ്ങൾക്ക് എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ ; | (ഡി) & (ഇ) | കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, മിനിമം വേതന നിയമം, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് എന്നീ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് ടി ജീവനക്കാർക്ക് അർഹതയുണ്ട്. |
| (ഇ) | ഇല്ലെങ്കിൽ സംസ്ഥാനത്താകമാനം അനേകായിരം ജീവനക്കാരുള്ള പ്രസ്തുത മേഖലയിലെ ജീവനക്കാർക്ക് മാന്യമായ സേവന വേതന വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | | |

→3

| | | | |
|---|---|---|---|
| (എഫ്) | ഇവയുടെ പ്രവർത്തനങ്ങൾ നിയമവിധേയമായി നിയന്ത്രിക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | (എഫ്) | അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നത് നിരോധിക്കുന്നതും പണം കടം കൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിന് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്നതുമായ 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്ട് എന്ന നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിയമത്തിൻ കീഴിൽ പോലീസ് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. ഇതു കൂടാതെ ലേബർ കമ്മീഷണർ മുഖേന, സ്ഥാപന പരിശോധന നടത്തുമ്പോൾ വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ലംഘനങ്ങൾ കണ്ടെത്തുന്നതിനും ആയത് പരിഹരിക്കുന്നതിനും നിർദ്ദേശം നൽകുകയും നിയമലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ